വെള്ളപ്പൊക്ക ദുരിതാശ്വാസ നിധി

153(1219) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മങ്കട നിയോജക മണ്ഡലത്തിലെ റോഡുകൾ നവീകരിക്കുന്നതിന് വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര തുക അനുവദിച്ചിട്ടുണ്ട് എങ്കിൽ, അവ ഏതെല്ലാം റോഡുകൾക്കൊണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുമാണ് ഇത്തരം ആവശ്യങ്ങൾക്ക് തുക അനുവദിക്കുന്നത്. പ്രസ്തുത നിധിയിൽനിന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ തുക അനുവദിക്കാറില്ല.

ഇടുക്കിയിലെ പട്ടയമേളകൾ

154(1220) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 വർഷത്തിൽ ഇടുക്കിയിൽ എത്ര പട്ടയമേളകൾ ഏതെല്ലാം തീയതികളിലായി നടന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) 1993-ലെ ഭൂമി പതിവ് ചട്ടം അനുസരിച്ച് 2015-ൽ എത്ര ഏക്കർ ഭൂമി പതിച്ച് നൽകിയെന്നതിന്റെ താലൂക്ക് തിരിച്ചുള്ള കണക്ക് നൽകാമോ;

(സി) അതേ കാലത്ത് 1963-ലെ ചട്ടം അനുസരിച്ച് എത്ര ഏക്കർ ഭൂമിക്ക് പട്ടയം നൽകിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2-2-2015-ൽ രാജാക്കാടും 22-8-2015-ൽ ഇടുക്കി ഐ.ഡി.എ. ഗ്രൗണ്ടിലുമായി 2015-ൽ ഇടുക്കി ജില്ലയിൽ രണ്ട് പട്ടയമേളകൾ നടന്നു.

(ബി&സി) ഇടുക്കി ജില്ലയിൽ 1993-ലെ ഭൂമി പതിവ് സ്പെഷ്യൽ ചട്ടങ്ങൾ പ്രകാരവും 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും 2015-ൽ പട്ടയം നൽകിയ ഭൂമിയുടെ വിസ്തീർണ്ണം താലൂക്ക് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

താലൂക്ക്	1993-ലെ സ്പെഷ്യൽ ചട്ടങ്ങൾ പ്രകാരം (ഏക്കറിൽ)	1964-ലെ ചട്ടങ്ങൾ പ്രകാരം (ഏക്കറിൽ)
ഉടുമ്പൻചോല	320.72	1250.76
ഇടുക്കി	960.94	282.11
തൊടുപുഴ	98.16	68.01
പീരുമേട്	288.49	186.16
ആകെ	1668.32	1787.05

LIBRARY ARCHIVES Kerala Legislative Assembly